Figure 6: **Estimation of Time Required for the Task**



ഇത്തരം ബിഹേവിയർ എങ്ങനെയാണ് സ്വാധീനിക്കുക എന്നു നോക്കാം.

ഒരേ പരിശ്രമങ്ങൾ വേണ്ട 10 വ്യത്യസ്ത ജോലികൾ പത്ത് വ്യത്യസ്ത കോൺട്രാക്ടർമാർ ചേർന്ന് ചെയ്യേണ്ടതാണ് മൊത്തം പ്രോജക്ട് എന്ന് വിചാരിക്കുക. ഫിഗർ 7 ൽ കാണിച്ചിരിക്കുന്നതു പോലെ.

പുതിയ സിസ്റ്റം അനുസരിച്ച് ഓരോ ടാസ്കും പൂർത്തിയാകാൻ കണക്കാക്കിയിരിക്കുന്ന സമയം മൂന്നു ദിവസമാണ്. 15 ദിവസത്തെ സേഫ്റ്റി ബഫർ പ്രോജക്ടിന്റെ അവസാനത്തേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്.

ഫിഗർ 7 ൽ കാണാൻ സാധിക്കുന്നതു പോലെ, പ്രോജക്ട് 45 ദിവസം കൊണ്ട് പൂർത്തിയാകുമെന്നാണ് കണക്കാക്കുന്നത്, പഴയ സിസ്റ്റത്തിൽ 90 ദിവസം വേണ്ടിയിരുന്ന സ്ഥാനത്താണിത്.

ഫിഗർ 8 ൽ കാണുന്ന പ്രോജക്ട് റിവ്യൂ ചാർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകളെ നിരന്തരമായി വിലയിരുത്തിക്കൊണ്ടിരിക്കും.

ഉദാഹരണത്തിന് പ്രോജക്ടിന്റെ 15 ദിവസത്തിനു ശേഷം (കണക്കാക്കിയിട്ടുള്ള 45 ദിവസത്തിന്റെ 1/3) നമുക്ക് കാണാനാകും പ്രോജക്ടിന്റെ സേഫ്റ്റി ബഫർ 10 ദിവസത്തിൽ താഴെയാണെന്ന് (അതായത് 15 ദിവസത്തിന്റെ മൂന്നിലൊന്നിനേക്കാൾ അധികം സേഫ്റ്റി ബഫർ ഉപയോഗിക്കുന്നു). പ്രോജക്ട് ഇപ്പോൾ റെഡ് സോണിലാണ്, പ്രോജക്ട് ട്രാക്കിലേക്ക് തിരിച്ചുവരാൻ അടിയന്തര നടപടി ആവശ്യമാണ്.

Figure 7: **Estimation in a Project**

അതേസമയം, പ്രോജക്ടിന്റെ 15 ദിവസത്തിനു ശേഷം (കണക്കാക്കിയിട്ടുള്ള 45 ദിവസത്തിന്റെ 1/3)

Figure 8: **Project Review Chart**



നമുക്ക് കാണാനാകും പ്രോജക്ടിന്റെ സേഫ്റ്റി ബഫർ 10 ദിവസത്തിലധികമാണ് (അതായത് 15 ദിവസത്തിന്റെ മൂന്നിലൊന്നിനേക്കാൾ കൂടുവ സേഫ്റ്റി ബഫർ ഉപയോഗിച്ചു).

പ്രോജക്ട് യെല്ലോ സോണിലോ ഗ്രീൻ സോണിലോ ആണ്. ശക്തമായ നിരീക്ഷണമോ (യെല്ലോ സോൺ), അല്ലെങ്കിൽ യാതൊരു ആക്ഷനും (ഗ്രീൻ സോൺ) ആവശ്യമില്ല.

ഈ പരിഹാര മാർഗത്തിന്റെ അവസാന ഭാഗം എന്നു പറയുന്നത് ഒരു റിസോഴ്സ് ഒരേസമയം ഒന്നിലധികം പ്രോജക്ടുകളിൽ വർക്ക് ചെയ്യുന്നത് കുറയ്ക്കുക എന്നതാണ്.

മിക്ക സ്ഥാപനങ്ങളിലും ഒരു പ്രോജക്ടിനു മാത്രം റിസോഴ്സ് ഉപയോഗിക്കുന്നത് ഒട്ടും പ്രൊഡക്ടീവ് അല്ല. അതിനാലാണ് മൾട്ടി ടാസ്കിംഗ് ആവശ്യമായി വരുന്നത്.

Figure 9: **Overall Productivity of a Resource**



എന്നിരുന്നാലും, നിരവധി പ്രോജക്ടുകളിൽ ഒരേ സമയം ഒരു റിസോഴ്സ് ഉപയോഗിച്ചാൽ അതിന്റെ മൊത്തം ഉത്പാദനക്ഷമത ഫിഗർ 9 ൽ കാണുന്നതു പോലെ അതി ഭീകരമായി താഴേക്കു പോകും.

നാലി ലേഖനങ്ങളിലും കാണാൻ സാധിക്കുന്നതുപോലെ നൂതനമായ പരിഹാര മാർഗങ്ങളിലൂടെ മിക്ക പ്രോജക്ടുകളും കൃത്യസമയത്തിൽ പൂർത്തിയാക്കാനാകും. ■

ഇന്ത്യയിലും ജി.സി.സി രാജ്യങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ട ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ.

ഐഐമ് IIM (L) നിന്ന് PGDM എടുത്തതിനു ശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ചു അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടീവ് മാഫീസറാണ്. website: www.we-deliver-results.com, email: timphilip@gmail.com